**പതിമൂന്നാം കേരളനിയമസഭ**

**ഒൻപതാം സമ്മേളനം**

* **നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : T4523** 28.06.2013 - ലെ മറുപടിയ്ക്ക്

**ഇ.എ.ആർ.എ.എസ് സർവ്വേ**

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). | |
| (എ) | ഇംപ്രൂവ്മെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പദ്ധതിയുടെ കീഴിലെ ഇ. എ. ആർ. എ. എസ്. സർവ്വെ കാര്യക്ഷമമായി പൂർത്തിയാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത സർവ്വെ ഫലങ്ങൾ വിലയിരുത്തി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് നടത്തി വരുന്ന കാർഷിക സ്ഥിതിവിവര കണക്ക് സർവ്വെയുടെ ക്രോഡീകരിച്ച റിപ്പോർട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സംസ്ഥാന പ്ലാനിംഗ് ബോർഡ്, കേരള കൃഷി വകുപ്പ് തുടങ്ങിയവയ്ക്ക് നൽകുകയും, പ്രസ്തുത റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ട് ആധാരമാക്കിയാണ് വിവിധ പദ്ധതി നിർവഹണ ഏജൻസികളും, വകുപ്പുകളും തുടർ നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | ഏതെല്ലാം വിളകൾക്കാണ് പ്രാമുഖ്യം നൽകേണ്ടതെന്ന് ഈ കാർഷിക സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരം നൽകാമോ; | (സി) | കാർഷിക സ്ഥിതി വിവര കണക്കുകളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഇടപെടലുകൾ കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്നു. നെല്ല്, നാളീകേരം, കുരുമുളക്, തുടങ്ങിയ വിളകൾക്ക് പ്രാമുഖ്യം നൽകുന്നു. നെൽകൃഷിയുടെ വിസ്തൃതി കുറയുന്ന പ്രവണതയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ദൃശ്യമായിട്ടുളളത്. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി കരകൃഷിയും, തരിശുഭൂമികൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനുളള പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാളീകേരത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കുരുമുളകിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഉല്പാദന വർദ്ധനവിനും ആവശ്യമായ ഇടപെടലുകളും നടത്തിവരുന്നു. |

(ഡി) കാർഷിക രംഗത്തും, അനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇതുമൂലം സാധിച്ചിട്ടുണ്ടോ ?

(ഡി) കാർഷിക സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ കാർഷിക വിളകളുടെ ഉത്പാദനം അവലോകനം നടത്തുകയും അതിലൂടെ ഏതൊക്കെ വിളകൾക്കാണ് ഊന്നൽ നൽകേണ്ടതെന്ന് കണ്ടെത്തി വേണ്ട നടപടി സ്വീകരിക്കാറുണ്ട്. ഇതിലൂടെ പുതിയ തൊഴിലവസരങ്ങളും ഉണ്ടാകാറുണ്ട്.

സെക്ഷൻ ഓഫീസർ